ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1196

# സൂറ – 43 / അസ്സുഖ്റുഫ്

### സൂക്തം: 36 – 42

ചെകുത്താൻ മനുഷ്യ മനസ്സിലേക്ക് അതിക്രമിച്ചു കടക്കുകയല്ല. മനുഷ്യൻ സാക്ഷാൽ സത്യദൈവത്തെ മനസ്സിൽനിന്ന് കുടിയിറക്കി ചെകുത്താനുവേണ്ടി തുറന്നിടുമ്പോൾ അവൻ അതിൽ കയറിപ്പറ്റുകയാണ്.

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ﴿٣٦﴾

36. പരമകാരുണികനെ സ്മരിക്കുന്നതിൽ അശ്രദ്ധനാകുന്നവന് നാം ചെകുത്താനെ ഏർപ്പെടുത്തിക്കൊടുക്കുന്നു. പിന്നെ ആ ചെകുത്താനാകുന്നു അവന്റെ ഉറ്റ സഖാവ്.

وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٧﴾

37. ചെകുത്താന്മാർ അവർക്കു സന്മാർഗം തടയുന്നു. അവരാകട്ടെ, തങ്ങളെ സന്മാർഗത്തിൽ തന്നെ എന്നു കണക്കാക്കുകയും ചെയ്യുന്നു.

**36,37**

وَمَن يَعْشُ = അശ്രദ്ധനാകുന്നവൻ

عَن ذِكْرِ الرَّحْمَٰنِ = പരമകാരുണികനെ സ്മര(ിക്കുന്നതിൽ)ണയെക്കുറിച്ച്, ഉദ്ബോധനത്തെക്കുറിച്ച്

نُقَيِّضْ لَهُ = നാം അവന് ഏർപ്പെടുത്തിക്കൊടുക്കുന്നു شَيْطَانًا = ചെകുത്താനെ

فَهُوَ = പിന്നെ അവൻ (ആ ചെകുത്താൻ) ആകുന്നു لَهُ قَرِينٌ = അവന്റെ വിട്ടുപിരിയാത്ത(ഉറ്റ) സഖാവ്

وَإِنَّهُمْ = അവർ (ആ ചെകുത്താന്മാർ) لَيَصُدُّونَهُمْ = അവരെ(ർക്കു) തടയുന്നു عَنِ السَّبِيلِ = സന്മാർഗ(ം)ത്തിൽനിന്ന്

وَيَحْسَبُونَ = അവർ (രോ തങ്ങളെ) കണക്കാക്കുകയും ചെയ്യുന്നു أَنَّهُم مُّهْتَدُونَ = സന്മാർഗ (ഗത്തിൽ തന്നെ എന്ന്) സ്ഥരായി

ഒരു സംഗതിയെ നിസ്സാരവൽക്കരിച്ച് ശ്രദ്ധിക്കാതിരിക്കുന്നതിനും അവഗണിച്ചു തള്ളുന്നതിനുമാണ് عشا عنه എന്നു പറയുക. ഇതിന്റെ വർത്തമാനകാല ക്രിയാരൂപമാണ് يَعْشُ. സന്തത സഹചാരിയായ ചങ്ങാതിയാണ് قَرِينٌ. إِنَّهُمْ എന്നതി

وَإِن يَرَوْا سَبِيلَ الرُّشْدِ لَا يَتَّخِذُوهُ سَبِيلًا وَإِن يَرَوْا سَبِيلَ الْغَيِّ يَتَّخِذُوهُ سَبِيلًاۚ

(സന്മാർഗം കണ്ടാൽ അവർ സ്വീകരിക്കുകയില്ല; ദുർമാർഗം കണ്ടാൽ സ്വീകരിക്കുകയും ചെയ്യും -7:146).

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّىٰ

(സന്മാർഗം വ്യക്തമായി ബോധ്യപ്പെട്ട ശേഷം ദൈവദൂതനോട് വിഘടിക്കുകയും സത്യധർമങ്ങൾ കൈക്കൊണ്ടവരുടേതല്ലാത്ത പാത സ്വീകരിക്കുകയും ചെയ്തവനെ, നാം അവൻ തിരിഞ്ഞിടത്തേക്കു തന്നെ തിരിച്ചുവിടുന്നു -4:115).

ചെകുത്താൻ മനുഷ്യ മനസ്സിലേക്ക് അതിക്രമിച്ചു കടക്കുകയല്ല. മനുഷ്യൻ സാക്ഷാൽ സത്യദൈവത്തെ മനസ്സിൽനിന്ന് കുടിയിറക്കി ചെകുത്താനുവേണ്ടി തുറന്നിടുമ്പോൾ അവൻ അതിൽ കയറിപ്പറ്റുകയാണ്. അതിനാൽ, ചെകുത്താന്റെ ഇടപെടൽ മനുഷ്യന്റെ മാർഗഭ്രംശത്തിന് ഒഴികഴിവോ ന്യായമോ ആകുന്നില്ല. ചെകുത്താൻ മനുഷ്യരിലുമുണ്ട്, ജിന്നുകളിലുമുണ്ട്. മനസ്സിൽ ദുഷ്ചിന്തകളും ദുർവികാരങ്ങളും ദുർമോഹങ്ങളും ഉണർത്തിയാണ് ജിന്നുചെകുത്താന്മാർ മനുഷ്യരെ വഴിപിഴപ്പിക്കുന്നത്. മനുഷ്യരിൽ ചെകുത്താന്റെ സ്വാധീനത്തിനടിപ്പെട്ടവരാണ് മനുഷ്യ ചെകുത്താന്മാർ. മറ്റു മനുഷ്യരെ ദുഷിപ്പിക്കാനും വഴിതെറ്റിക്കാനും സാക്ഷാൽ ചെകുത്താൻ അവരെ ഉപയോഗപ്പെടുത്തുന്നു. ദൈവവിചാരമില്ലാത്ത മനസ്സുകളെ ചെകുത്താൻ വിചാരരൂപത്തിൽ സ്വാധീനിക്കുന്നത് തിരിച്ചറിയാത്തതുപോലെ മനുഷ്യരൂപത്തിലെത്തുന്ന ചെകുത്താന്മാരെയും മനുഷ്യർ തിരിച്ചറിയുന്നില്ല. ദൈവവിചാരം ക്ഷയിച്ച മനസ്സുകൾ മനുഷ്യ പിശാചുക്കളെ ആത്മമിത്രങ്ങളും നിഷ്കളങ്ക ഗുണകാംക്ഷികളുമായി എളുപ്പത്തിൽ സ്വീകരിക്കുന്നു. അങ്ങനെ ഇരയെ സ്വാധീനിച്ചുകഴിഞ്ഞാൽ അവരെ സത്യത്തിന്റെയും ധർമത്തിന്റെയും പാതയിൽനിന്നു വിലക്കുകയായി. അതൊക്കെയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, പാതാളത്തിലേക്കുള്ള അധോഗമന പാതകളുമായി ചിത്രീകരിച്ചു പരിഹസിക്കുകയും ചെയ്യുന്നു. തങ്ങൾ പിന്തുടർന്നുവരുന്ന ദൈവനിഷേധത്തിന്റെയും വിഗ്രഹാരാധനയുടെയും ധർമധിക്കാരത്തിന്റെയും മാർഗമാണ് നാഗരിക പുരോഗതിയുടെയും ജീവിത വികാസത്തിന്റെയും ഏറ്റം ഉൽകൃഷ്ടമായ സന്മാർഗമെന്ന് വാദിക്കുകയും ചെയ്യുന്നു. ●

ലെ സർവനാമം ചെകുത്താന്മാരെ സൂചിപ്പിക്കുന്നതാണ്. شيطان ഏകവചനമാണെങ്കിലും ബഹുവചനത്തിന്റെ അർഥത്തിലും ഉപയോഗിക്കും. يَحْسَبُونَ-യിലെ സർവനാമം സൂചിപ്പിക്കുന്നത് ചെകുത്താന്മാരുടെ സ്വാധീനത്തിലകപ്പെട്ട അശ്രദ്ധരെയാണ്.

ذِكْرِ الرَّحْمَٰنِ ഇവിടെ ദൈവ സ്മരണ- വിചാരം ആവാം. ദൈവത്തിന്റെ ഉദ്ബോധനം അഥവാ ഖുർആനും ആകാം. രണ്ടർഥത്തിലും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ യുക്തം ഒന്നാമത്തെ അർഥമാകുന്നു.

സൂക്തസാരം: പ്രവാചകന്നും ഖുർആനിനുമെതിരെ അവരുന്നയിച്ചുകൊണ്ടിരിക്കുന്നതെല്ലാം കപടന്യായങ്ങളാണ്. ഇക്കൂട്ടർ ദൈവവിചാരത്തിലും ആത്മീയ യാഥാർഥ്യങ്ങളിലും തീരെ അശ്രദ്ധരാകുന്നു. ചിന്തയും കർമവും ഭൗതികാസക്തികളിലും സുഖഭോഗങ്ങളിലും തളച്ചിട്ടിരിക്കുകയാണവർ. അതിനപ്പുറമുള്ളതെല്ലാം നിസ്സാരങ്ങളാണ്. തങ്ങളുടെ ഭൗതിക പുരോഗതിക്കു മുമ്പിലുള്ള വിലങ്ങുതടികളാണ്. ഈ ചിന്താഗതിയും കർമരീതിയും സ്വീകരിക്കുന്നവർ ചെകുത്താൻ പ്രചോദിപ്പിക്കുന്ന ഭൗതികാസക്തികളാൽ നയിക്കപ്പെടുക സ്വാഭാവികമാകുന്നു. ഈ അവസ്ഥയെയാണ് ഇവിടെ نُقَيِّضْ لَهُ شَيْطَانًا فَهُوَ لَهُ قَرِينٌ എന്നു വർണിച്ചിരിക്കുന്നത്. സജ്ജീകരിക്കലും ഏർപ്പെടുത്തലുമാണ് نُقَيِّضْ. അല്ലാഹു ചെകുത്താന്മാരെ വിളിച്ച് ഓരോ വ്യക്തികളെ സ്വാധീനിക്കാൻ ഏർപ്പാട് ചെയ്യുന്നുവെന്നല്ല. പ്രത്യുത, മനുഷ്യമനസ്സ് ദൈവവിചാരത്തിൽനിന്നും അവനോടുള്ള അടിമത്തത്തിൽനിന്നും മുക്തമാകുമ്പോൾ, മനുഷ്യരെ വഴിതെറ്റിക്കാൻ അല്ലാഹു ചെകുത്താന് നൽകിയിട്ടുള്ള അനുമതി അയാളിൽ പ്രായോഗികമാകുന്നു എന്നാണ്. അല്ലാഹു ഇല്ലാത്ത മനസ്സിൽ ചെകുത്താൻ കയറിപ്പറ്റുന്നു. മനസ്സിൽ അല്ലാഹുവിന് എത്രത്തോളം ഇടമുണ്ടോ അത്രത്തോളം അതിൽ ചെകുത്താന്റെ ഇടം ഇടുങ്ങുന്നു. ഹൃദയം മുഴുവൻ ചെകുത്താൻ കീഴടക്കിയവൻ എത്രതന്നെ ബോധ്യപ്പെട്ടാലും സത്യവും സന്മാർഗവും സ്വീകരിക്കാൻ തയാറാവുകയില്ല. തങ്ങൾ പിന്തുടരുന്നതെന്താണോ അതുതന്നെ തങ്ങൾക്ക് അന്തസ്സും അഭിമാനവുമെന്ന് അവർ കരുതുന്നു. زُيِّنَ لِلَّذِينَ كَفَرُوا مَكْرُهُمْ وَصُدُّوا عَنِ السَّبِيلِۗ(സത്യം നിഷേധിക്കുകയും സന്മാർഗം വിലക്കുകയും ചെയ്യുന്നവർക്ക് അവരുടെ കുത്സിത തന്ത്രങ്ങൾ അലങ്കാരമാക്കിക്കൊടുത്തിരിക്കുന്നു -13:33).

---

حَتَّىٰٓ إِذَا جَآءَنَا قَالَ يَٰلَيْتَ بَيْنِى وَبَيْنَكَ بُعْدَ ٱلْمَشْرِقَيْنِ فَبِئْسَ ٱلْقَرِينُ ﴿٣٨﴾

38. അങ്ങനെ ഒടുവിൽ നമ്മുടെ സന്നിധിയിലെത്തുമ്പോൾ അവൻ വിലപിക്കുകയായി: ഹാ... കഷ്ടം! സഖാവേ, എനിക്കും നിനക്കുമിടയിൽ ഉദയ ചക്രവാളത്തിനും അസ്തമയ ചക്രവാളത്തിനുമിടയിലുള്ള ദൂരമുണ്ടായിരുന്നെങ്കിൽ! നീ പരമനികൃഷ്ടനായ സഖാവ് തന്നെ.

وَلَن يَنفَعَكُمُ ٱلْيَوْمَ إِذ ظَّلَمْتُمْ أَنَّكُمْ فِى ٱلْعَذَابِ مُشْتَرِكُونَ ﴿٣٩﴾

39. അന്നേരം അവർ വിളിച്ചറിയിക്കപ്പെടുന്നു: ഇന്നീ വിലാപം കൊണ്ട് ഒരു പ്രയോജനവുമില്ല; ദൈവധിക്കാരം പ്രവർത്തിച്ചതിനാൽ. നിങ്ങളും നിങ്ങളുടെ സഖാക്കളും നിത്യശിക്ഷയിൽ പങ്കാളികളാകുന്നു.

**38,39**

حَتَّىٰ إِذَا جَاءَنَا = നമ്മുടെ അടുത്തു വരുന്നതു വരെ (അങ്ങനെ ഒടുവിൽ നമ്മുടെ സന്നിധിയിലെത്തുമ്പോൾ)
قَالَ = അവൻ പറഞ്ഞു (വിലപിക്കുകയായി)
يَا لَيْتَ = ഹാ കഷ്ടം! (സഖാവേ), ഉണ്ടായിരുന്നെങ്കിൽ (എത്ര നന്നായേനെ) بَيْنِي وَبَيْنَكَ = എനിക്കും നിനക്കുമിടയിൽ
بُعْدَ الْمَشْرِقَيْنِ = രണ്ടു ചക്രവാളങ്ങളുടെ ദൂരം (ഉദയ ചക്രവാളത്തിനും അസ്തമയ ചക്രവാളത്തിനും ഇടയിലുള്ള ദൂരം)
فَبِئْسَ الْقَرِينُ = (നീ) പരമ നികൃഷ്ടനായ സഖാവ് തന്നെ
وَلَن يَنفَعَكُمُ الْيَوْمَ = ഇന്ന് നിങ്ങൾക്ക് പ്രയോജനമില്ല (അന്നേരം അവർ വിളിച്ചറിയിക്കപ്പെടുന്നു, ഇന്ന് ഈ വിലാപം കൊണ്ട് ഒരു പ്രയോജനവുമില്ല)
إِذ ظَّلَمْتُمْ = നിങ്ങൾ (ദൈവ) ധിക്കാരം പ്രവർത്തിച്ചതിനാൽ أَنَّكُمْ = നിങ്ങൾ (നിങ്ങളുടെ സഖാക്കളും)
فِي الْعَذَابِ = (നിത്യ) ശിക്ഷയിൽ مُشْتَرِكُونَ = പങ്കാളികളാകുന്നു

ഒടുവിൽ ഇക്കൂട്ടർ അല്ലാഹുവിന്റെ സന്നിധിയിലെത്തിച്ചേരുന്നു. ഇഹലോകത്ത് തികച്ചും തെറ്റായ കണക്കുകൂട്ടലുകളിലും വ്യാമോഹങ്ങളിലും അകപ്പെട്ടിരിക്കുകയായിരുന്നു തങ്ങളെന്ന് അപ്പോഴവർക്ക് ബോധ്യമാകുന്നു. ഭൗതിക ലോകത്ത് അവരെ വഴിപിഴപ്പിച്ച ജിന്നുചെകുത്താന്മാരും മനുഷ്യച്ചെകുത്താന്മാരുമെല്ലാം അവരോടൊപ്പം അവിടെ ഹാജരായിരിക്കും. ഈ ലോകത്ത് അവർക്ക് അദൃശ്യരായിരുന്ന ജിന്നു ചെകുത്താന്മാർ അഭൗതിക ലോകത്ത് ഗോചരമായ അസ്തിത്വങ്ങളായി ദൃശ്യരാകുന്നു. സത്യനിഷേധികളായ നിർഭാഗ്യവാന്മാർ, ആത്മമിത്രങ്ങളായി ചമഞ്ഞ് തങ്ങളെ വഴിതെറ്റിച്ച ജിന്നു-മനുഷ്യച്ചെകുത്താന്മാരെ നോക്കി വിലപിക്കുകയായി: ''ഹാ കഷ്ടം! ഭൗതിക ലോകത്ത് ഞങ്ങൾ നിങ്ങളെ സഖാക്കളാക്കിയത് ഏറ്റം വലിയ നിർഭാഗ്യമായിപ്പോയി.

ഹാ കഷ്ടം! ഞാനും എന്റെ ഇണപിരിയാത്ത ചങ്ങാതിയായിരുന്ന നീയും തമ്മിൽ ഉദയ ചക്രവാളവും അസ്തമയ ചക്രവാളവും തമ്മിലുള്ള അകലം ഉണ്ടായിരുന്നെങ്കിൽ എനിക്കീ ദുർഗതി വരുമായിരുന്നില്ലല്ലോ. അതിനീചനായ ചങ്ങാതി തന്നെയായിരുന്നു നീ!'' പക്ഷേ, ഈ വിലാപം കൊണ്ട് അന്ന് ഒരു പ്രയോജനവുമുണ്ടാവില്ല. വഴിപിഴക്കാതെ സന്മാർഗിക ജീവിതം നയിക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമായിരുന്നു. ആ ഉത്തരവാദിത്വം വിജയകരമായി നിറവേറ്റാനുള്ള സാഹചര്യവും സാമഗ്രികളും നിങ്ങൾക്ക് ഒരുക്കിത്തന്നതുമായിരുന്നുവല്ലോ. ചെകുത്താൻ നിങ്ങളെ വഴിതെറ്റിക്കാൻ പ്രതിജ്ഞാബദ്ധനായ ശത്രുവാണെന്ന സത്യം പേർത്തും പേർത്തും ഓർമിപ്പിക്കുകയും ചെയ്തിരുന്നു. അതൊന്നും ഒട്ടും വകവെക്കാതെ ചെകുത്താനെ പിന്തുടർന്നതിന്റെ ഉത്തരവാദിത്വം ചെകുത്താന്നല്ല. നിങ്ങൾ ബോധപൂർവം കൈക്കൊണ്ട ധിക്കാരവും അതിക്രമവുമാണത്. അതിന്റെ ശിക്ഷ നിങ്ങൾ അനുഭവിച്ചേ തീരൂ. ജിന്നുകളിലും മനുഷ്യരിലും പെട്ട ചെകുത്താൻകൂട്ടാളികൾ അവരുടെ കുറ്റങ്ങളുടെ ശിക്ഷയും അനുഭവിക്കേണ്ടിവരും. മനുഷ്യരെ വഴിതെറ്റിച്ചതും അവരുടെ ഗുരുതരമായ കുറ്റങ്ങളിൽ പെടുന്നു. അതിനും അവർ ശിക്ഷിക്കപ്പെടും. അങ്ങനെ ഇഹലോകത്ത് ഉറ്റ സഖാക്കളായിരുന്ന ചെകുത്താന്മാർ പരലോകത്ത് നിത്യനരകത്തിലും നിങ്ങളുടെ വിട്ടുപിരിയാത്ത കൂട്ടാളികളും പങ്കാളികളുമാകുന്നു. ●

---

أَفَأَنتَ تُسْمِعُ ٱلصُّمَّ أَوْ تَهْدِى ٱلْعُمْىَ وَمَن كَانَ فِى ضَلَـٰلٍ مُّبِينٍ ﴿٤٠﴾

40. പ്രവാചകന് കഴിയുമോ, ബധിരന്മാരെ കേൾപ്പിക്കാൻ? അല്ലെങ്കിൽ, അന്ധർക്കും തെളിഞ്ഞ ദുർമാർഗത്തിൽ ചരിക്കുന്നവർക്കും നേർവഴി കാട്ടിക്കൊടുക്കാൻ?

**40**

أَفَأَنتَ = അപ്പോൾ നീ ആണോ? (പ്രവാചകന്നു കഴിയുമോ?) تُسْمِعُ الصُّمَّ = ബധിരരെ കേൾപ്പിക്കാ(ുന്നവ)ൻ
أَوْ تَهْدِي = അല്ലെങ്കിൽ നീ നേർവഴി കാട്ടിക്കൊടുക്കു(ാൻ)ന്ന الْعُمْيَ = അന്ധർക്ക്
وَمَن كَانَ فِي ضَلَالٍ مُّبِينٍ = തെളിഞ്ഞ ദുർമാർഗത്തിൽ ആയ (ചരിക്കുന്ന)വർക്കും

പ്രവാചകനെ സമാശ്വസിപ്പിക്കുകയാണ്. മുകളിൽ പറഞ്ഞ തരം ആളുകൾ പ്രവാചകന്റെ സന്ദേശം സ്വീകരിക്കാൻ കൂട്ടാക്കാത്തതിൽ വേപഥു കൊള്ളേണ്ട കാര്യമില്ല. ബാഹ്യ ദൃഷ്ട്യാ എല്ലാം തികഞ്ഞവരാണെ ങ്കിലും ആന്തരികമായി ബധിരരും അന്ധരുമാണവർ. ആത്മീയവും ധാർമികവുമായ ആശയങ്ങളൊന്നും അ വരുടെ മനസ്സിനകത്തേക്ക് കടക്കുകയില്ല. ആത്മീയവും ധാർമികവുമായി അവർ കണ്ണും കാതുമില്ലാത്തവരെപ്പോ ലെയാണ്. കാതില്ലാത്തവരെ സംഗീതം കേൾപ്പിക്കാനോ, കാഴ്ചയില്ലാത്തവർക്ക് ലക്ഷ്യം കാണിച്ചുകൊടുക്കാനോ ആർക്കെങ്കിലും കഴിയുമോ? അതുപോലെ, ഇക്കൂട്ടരു ടെ ഹൃദയങ്ങളിലേക്ക് സത്യസന്ദേശം കടത്തിവിടാൻ പ്രവാചകന്നാവുകയില്ല. അത് പ്രവാചകന്റെ കുറ്റമല്ല. ഈ ജനത്തിന്റെ കുറ്റമാണ്. ഈ ആശയം ഖുർആൻ അനേകതവണ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. ഉദാ: لَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ (തിരിഞ്ഞു പോകുന്ന ബധിരനെ വിളികേൾപ്പിക്കാൻ നിനക്കാവില്ല -30:52), أَفَأَنتَ تُسْمِعُ الصُّمَّ وَلَوْ كَانُوا لَا يَعْقِلُونَ (ബധിരനെ കേൾപ്പി ക്കാൻ കഴിയുമോ നിനക്ക്, അവർ ഒന്നും മനസ്സിലാ വാത്തവരാണെങ്കിലും? -10:42), إِنَّكَ لَا تُسْمِعُ الْمَوْتَىٰ (മരി ച്ചവരെ കേൾപ്പിക്കാൻ നിനക്കാവില്ല -27:80). ഇവിടെ وَمَن كَانَ فِي ضَلَالٍ مُّبِينٍ-ന്റെ താൽപര്യം ഇതാണ്: യാഥാർ ഥ്യം അവ്യക്തമായതുകൊണ്ടോ അറിവ് കുറഞ്ഞതു കൊണ്ടോ വഴിതെറ്റുന്നവരുടെ അവ്യക്തതകളും തെ റ്റുധാരണകളും ദൂരീകരിക്കുക അസാധ്യമല്ല. പക്ഷേ, ദുർമാർഗം ദുർമാർഗമാണെന്ന് വ്യക്തമായി മനസ്സിലാ ക്കിക്കൊണ്ടുതന്നെ അതിൽ ശഠിച്ചു നിൽക്കുന്നവരെ തിരുത്തുക അസാധ്യമാണ്. ●

---

فَإِمَّا نَذْهَبَنَّ بِكَ فَإِنَّا مِنْهُم مُّنتَقِمُونَ ﴿٤١﴾

أَوْ نُرِيَنَّكَ الَّذِي وَعَدْنَاهُمْ فَإِنَّا عَلَيْهِم مُّقْتَدِرُونَ ﴿٤٢﴾

41. ഒരു വേള നാം നിന്നെ ഈ ലോകത്തുനിന്ന് പോക്കിയേ ക്കാം. എന്നാലും നാം അവരെ തിരിച്ചടിക്കും, തീർച്ച.

42. അല്ലെങ്കിൽ നാം താക്കീതു ചെയ്ത വിപത്തുകൾ അ വരെ ബാധിക്കുന്നത് നിനക്കു കാണിച്ചു തന്നുവെന്നും വരാം. അപ്പോഴും അവരെ കൈകാര്യം ചെയ്യാൻ തിക ഞ്ഞ കഴിവുള്ളവനത്രെ നാം.

**41,42**

فَإِمَّا نَذْهَبَنَّ بِكَ = (ഒരുവേള) നാം നിന്നെ (ഈ ലോകത്തുനിന്ന്) പോക്കിയേക്കാം

فَإِنَّا مِنْهُم مُّنتَقِمُونَ = എന്നാലും നാം (അവരെ തിരിച്ചടിക്കും തീർച്ച) തീർച്ചയായും അവരോട് പ്രതികാരം ചെയ്യുന്നവനാകുന്നു

أَوْ نُرِيَنَّكَ = അല്ലെങ്കിൽ നാം നിനക്കു കാണിച്ചു തരുന്നു (തന്നുവെന്നും വരാം)

الَّذِي وَعَدْنَاهُمْ = നാം അവർക്കു വാഗ്ദാനം ചെയ്തത് (താക്കീതു ചെയ്ത വിപത്തുകൾ അവരെ ബാധിക്കുന്നത്)

فَإِنَّا عَلَيْهِم مُّقْتَدِرُونَ = അപ്പോഴും അവരുടെ മേൽ (അവരെ കൈകാര്യം ചെയ്യാൻ) തികഞ്ഞ കഴിവുള്ളവനത്രെ നാം

പ്രവാചകന്നുള്ള സാന്ത്വന വചനങ്ങളുടെ ഭാഗമാണ് ഈ സൂക്തങ്ങളും. സാരമിതാണ്: ഈ പ്രബോധ നം ഉദ്ദിഷ്ട ലക്ഷ്യത്തിലെത്തുന്നതിനു മുമ്പായി പ്രവാച കന് അല്ലാഹു മരണം വിധിച്ചുവെന്ന് വരാം. താങ്കളുടെ മരണത്തിന് അവർ നിമിത്തമായെന്നും വരാം. അങ്ങനെ യെങ്കിൽ അവർ അല്ലാഹുവിങ്കൽനിന്നുള്ള കൊടിയ പ്രതി കാരം നേരിടേണ്ടി വരും. പ്രവാചകൻ മരിച്ചതുകൊണ്ടോ അദ്ദേഹത്തെ അപായപ്പെടുത്തിയതുകൊണ്ടോ അവർക്ക് ഒരു വിജയവും ഉണ്ടാവാൻ പോകുന്നില്ല. പ്രവാചകൻ പരാജയപ്പെടുന്നുമില്ല. ഒരുപക്ഷേ, പ്രവാചകൻ ജീവിച്ചി രിക്കെത്തന്നെ, അല്ലാഹു താക്കീതു ചെയ്ത ചില ദുരന്ത ങ്ങൾ അവരെ ബാധിച്ചെന്നും വരാം. അവരെ ഏതു വിധ ത്തിൽ കൈകാര്യം ചെയ്യാനും കഴിവുള്ളവനാണല്ലാഹു. ഈ ദീനിന്റെ വിജയവും പരാജയവും ഈ പ്രവാചകന്റെ ആയുസ്സിനെ ആശ്രയിച്ചു നിൽക്കുന്ന കാര്യങ്ങളല്ല. പ്രത്യു ത, അല്ലാഹുവിന്റെ തീരുമാനത്തെ മാത്രം ആശ്രയിച്ചു നിൽക്കുന്നതാണ്. അതുപോലെ, ഈ ലോകത്ത് ഈ നി ഷേധികളുടെ രക്ഷാശിക്ഷകളും അവന്റെ തീരുമാനത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. അവൻ ഇക്കൂട്ടരെ ശിക്ഷി ക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രവാചകൻ നേരത്തെ മരിച്ചുപോയാലും നിശ്ചിത സമയത്ത് അവരിൽ ശിക്ഷ യിറങ്ങുക തന്നെ ചെയ്യും. ആ അവധി വരെ പ്രവാചകൻ ജീവിച്ചിരുന്നാൽ അദ്ദേഹത്തിന് ആ ദുരന്തം നേരിൽ കാ ണാനാകും. ഈ ആശയം നേരത്തെ 10:46-ലും 13:40-ലും പ്രകാശിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●